(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ എത്രത്തോളം ഫലപ്രദമായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഗ്രാമ ഗ്രാമാന്തരങ്ങളിൽ പോലും നടക്കുന്ന വൈദ്യുതി മോഷണം തടയുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാണ്ട് മോഷ്ടാക്കളെ കണ്ടെത്തുന്നതിന് ഒരു സ്പെഷ്യൽ സ്കാഡിനെ സർപ്രൈസ് ചെക്കിംഗിനായി നിയോഗിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ആൻറി പവർ തെഫ്റ്റ് സ്കാഡിന്റെ പ്രവർത്തനം മൂലം 6/01 മുതൽ 5/05 വരെയുള്ള കാലയളവിൽ 874 വൈദ്യുതി മോഷണവും 10563 മറ്റു ക്രമക്കേടുകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ഇനത്തിൽ (വൈദ്യുതി മോഷണം 47,23,86,359 രൂപ മറ്റു ക്രമക്കേടുകൾ 35,32,29,069 രൂപ) അകെ 82,56,15,428 രൂപ പിഴയായി അസസ് ചെയ്തിട്ടുണ്ട്. 18,66,63,346 രൂപ ഈ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ബാക്കി തുക കോടതി കേസുകളുടെയും അപ്പലേറ്റ് അതോറിറ്റി യുടെയും പരിഗണനയിലിരിക്കുന്ന കേസുകളുടെ അന്തിമ തീർപ്പിനുശേഷം മാത്രമേ ഈടാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇത്തരം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വൈദ്യുതി മോഷ്ടാക്കളെ കണ്ടെത്തുന്നതിന് നിലവിൽ ആൻറി പവർ തെഫ്റ്റ് സ്കാഡ് പ്രവർത്തിച്ചുവരുന്നുണ്ട്.

## എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് നൽകിയ കരാർ

*12 [300] ശ്രീ. വർക്കല കഹാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എസ്.എൻ.സി. ലാവ്‌ലിൻ' എന്ന കനേഡിയൻ കമ്പനിക്ക് ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ എന്തെങ്കിലും പണി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പണികളാണ് നൽകിയത്;

(ബി) ഇവയ്ക്കുള്ള കരാർ കൊടുത്തതെന്നാണ്;

(സി) മൊത്തം എന്തു തുകയ്ക്കുള്ള കരാറാണ് കൊടുത്തത്;

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡിന്റെ പണി കമ്മീഷൻ ഇല്ലാതെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകണമെന്ന് ഈ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എത്തെല്ലാം വർക്കുകളാണ് ധാരണാപത്രപ്രകാരം കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടത്; അതിലേതെങ്കിലും ജോലി അവർക്ക് കൊടുത്തിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇപ്പോഴം പണിയൊന്നും നൽകിയിട്ടില്ല.

(ബി, സി) ബാധകമല്ല.

(ഡി, ഇ) ഉണ്ട്. പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് പദ്ധതി നടപ്പിലാക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി അവർക്ക് നൽകിയിട്ടില്ല.

## റേഷൻകടകളുടെ പ്രവർത്തനം

*13 [301] ശ്രീ. വി. കെ. ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനും റേഷൻ കടകളെ ശക്തിപ്പെടുത്തുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) സപ്ലൈകോയുടെ സാധനങ്ങൾ റേഷൻകടകളിൽ കൂടി വിതരണം ചെയ്യുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്ത് റേഷൻകടകളുടെ പ്രവർത്തനം വകുപ്പ് ഉദ്യോഗസ്ഥർ മുഖേന പരിശോധിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സപ്ലൈകോയുടെ സാധനങ്ങൾ റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 902 റേഷൻ കടകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly